# കുടിവെള്ള വിതരണം സ്വകാര്യവത്കരിക്കാൻ നീക്കം

തിരുവനന്തപുരം: ഇന്ത്യയിൽ ലാഭം കൊയ്യാൻ കഴിയുന്ന ഉത്പന്നങ്ങളുടെ പട്ടികയിൽ ഒന്നാമതാണ് കുടിവെള്ളം. ശുദ്ധജലവിതരണം സ്വകാര്യവത്കരിക്കാൻ അണിയറ നീക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. വൻകിട കമ്പനികളായ റിലയൻസ് ഇൻഡസ്ട്രീസ്, മഹീന്ദ്ര ആൻഡ് മഹീന്ദ്ര, ലാർസൻ ആൻഡ് ട്യൂബ്രോ, നാഗാർജുന ഇൻഡസ്ട്രീസ് തുടങ്ങിയ കമ്പനികളാണ് പദ്ധതികളുമായി മുൻനിരയിൽ നിൽക്കുന്നത്. ബ്രിട്ടനിലെ പ്രമുഖ ജലവിതരണ കമ്പനികളുമായി സഹകരിച്ച് മുന്നോട്ടുപോകുവാനാണ് ഇന്ത്യൻ കമ്പനികളുടെ പരിപാടി.

ബ്രിട്ടീഷ് ഡിപ്പാർട്ട്മെന്റ് ഓഫ് ട്രേഡ് ആൻഡ് ഇൻഡസ്ട്രിയും ബ്രിട്ടീഷ് ഹൈക്കമ്മീഷനും കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസും (സി.ഐ.ഐ) ചേർന്നാണ് സ്വകാര്യവത്കരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത്. പെട്ടെന്നുള്ള എടുത്തുചാട്ടം പ്രതികൂലമാകും എന്നുള്ളതിനാൽ സൂക്ഷ്മമായാണ് സ്വകാര്യവത്കരണത്തിനുള്ള കരുക്കൾ നീക്കുന്നത്. തുടരെ തുടരെ ഉള്ള പൈപ്പ് പൊട്ടലുകളും ജലദൗർലഭ്യവും, ജലത്തിന്റെ ഗുണനിലവാരക്കുറവും സ്വകാര്യവത്കരണത്തിന് അനുകൂല സാഹചര്യമാക്കി മാറ്റാൻ അവർ ശ്രമിക്കുന്നുണ്ട്.

ഇപ്പോൾ നഷ്ടത്തിൽ ഓടുന്ന ശുദ്ധജലവിതരണപദ്ധതികൾ സ്വകാര്യവത്കരിക്കുന്നതിലൂടെ സർക്കാരിന് ഗണ്യമായ റവന്യു വർധനവ് ഉണ്ടാവും എന്നും അവകാശപ്പെടുന്നു.

1970 കളുടെ തുടക്കത്തിൽ ബ്രിട്ടനിൽ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ശുദ്ധജലവിതരണ പദ്ധതികൾ വൻ തകർച്ച നേരിട്ടു. ആ സന്ദർഭത്തിലായിരുന്നു താച്ചർ ഗവൺമെന്റ് ബ്രിട്ടനിലെ ജലവിതരണം സ്വകാര്യവത്കരിക്കാൻ ആരംഭിച്ചത്. 1980കളോടെ അവിടത്തെ ജലവിതരണം പൂർണമായും സ്വകാര്യവത്കരിക്കപ്പെട്ടു. ബ്രിട്ടീഷ് മാതൃകയിലുള്ള സ്വകാര്യവത്കരണ പ്രവർത്തനമാണ് ഇവിടെ ലക്ഷ്യമിട്ടിരുന്നത്. ബ്രിട്ടനിലെ പ്രമുഖ ജലവിതരണ കമ്പനികൾ വിവിധ വികസ്വര രാജ്യങ്ങളിൽ ഓപ്പറേഷനുകൾ ആരംഭിച്ചു കഴിഞ്ഞു.

ബോക്ടെൽ, നോർത്ത് വെസ്റ്റ്, മോർട്ട് മക്ഡവൽ, ബിവാട്ടാർ ബോവിസ്, ആംഗ്ലിക്കൻ വാട്ടർ തുടങ്ങിയ കമ്പനികളാണ് ഇന്ത്യയിൽ ശുദ്ധജലവിതരണത്തിന് സഹായഹസ്തവുമായി എത്തുന്നത്. ഒരു മിനി പദ്ധതിക്ക് ഏകദേശം മുന്നൂറുമുതൽ ആയിരം മില്ല്യൻ ഡോളർ വരെ ചിലവ് വരും. 1999 അവസാനത്തോടെ കൊച്ചി, ഗോവ, തിരുപ്പൂർ എന്നിവിടങ്ങളിൽ സ്വകാര്യകമ്പനികൾ പ്രവർത്തനം ആരംഭിക്കും.



ശുദ്ധജലവിതരണം സ്വകാര്യവത്കരിക്കപ്പെടുന്നതോടെ ഇന്ത്യയിലെ സാധാരണക്കാരനും ദരിദ്രനും ശുദ്ധജലം കൈഎത്താദൂരത്താവും. പബ്ലിക് ടാപ്പുകൾ അപ്രത്യക്ഷമാവും. പൈപ്പ് കണക്ഷന് ഭീമമായ തുക നല്കേണ്ടിവരും. നിലവിലുള്ള താരിഫിന്റെ പല മടങ്ങായിരിക്കും സ്വകാര്യജലത്തിന്റെ വില. ശുദ്ധജലത്തിന്റെ അഭാവം മൂലം ശിശുമരണനിരക്കും സാംക്രമിക രോഗങ്ങളും കൂടുതലുള്ള രാജ്യമാണ് ഇന്ത്യ. ജലവിതരണം വൻ കമ്പനികൾ കുത്തകയാക്കുന്നതിന്റെ പ്രത്യാഘാതം രൂക്ഷമായിരിക്കും.

– അഡ്വ. ആർ. സജു